# മഴവില്ല്

എസ്.വി.പി.എം.എച്ച്.എസ്

വടക്കുംതല



## എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| ചീഫ് എഡിറ്റർ | ഹിമ ഡി |
| സബ് എഡിറ്റർ | അധിരഥ് |
| | ആദിത്യ എസ് |
| | അസ്ലം എൻ |
| | ഹന്ന അൻവർ |
| | അഫ് ലഹ നാസർ |
| | കാർത്തിക |
| | അനന്തലക്ഷ്മി |
| | നിഹാസ് |
| സ്റ്റാഫ് എഡിറ്റർ | സൈഫുദ്ദീൻ എം |
| | ദിവ്യ. എ |

# സന്ദേശം

വടക്കുംതല എസ്. വി. പി. എം. എച്ച്. എസ് 2018-19 അധ്യയന വർഷത്തിൽ മഴവില്ല് എന്നപേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു. ചവറ സബ് ജില്ലയിൽ പാഠ പാഠ്യേതര രംഗങ്ങളിലെ മുഴുവൻ മേഖലകളിലും ശിരസ്സുയർത്തി നിൽക്കുന്ന നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ശ്രമഫലമായി പിറവിയെടുക്കുന്ന ഈ സംരംഭവും പൂർണ്ണ വിജയത്തിൽ എത്തട്ടെ എന്നാശംസിക്കുന്നു. എല്ലാ ഭാവുകങ്ങളും നേരുന്നു.

സുനിൽ കുമാർ

(സ്കൂൾമാനേജർ)

# സന്ദേശം



വടക്കുംതല എസ് വി പി എം എച്ച്എസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ മഴവില്ല് എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിൻ അക്ഷരാർത്ഥത്തിൽ കെട്ടിലും മട്ടിലും ഭംഗി പുലർത്തുമെന്ന് കരുതുന്നു. വിവര വിനിമയ സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ കുട്ടികൾക്ക് മുന്നിൽ തുറന്നുകൊണ്ട് സ്കൂളുകളിലേക്ക് വന്ന ലിറ്റിൽ കൈറ്റ്സ് ഈ മേഖലയിലെ തല്പരർക്ക് ശുഭ പ്രതീക്ഷകളാണ് നൽകുന്നത്. വിരൽത്തുമ്പിലെ വിജ്ഞാനം ഏതു വിധം വിനിയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും സർവ്വതിന്റെയും ലക്ഷ്യപ്രാപ്തി .എല്ലാ നല്ല ലക്ഷ്യങ്ങളും കൈവരിക്കാൻ കൈറ്റ്സിൻെറ അംഗങ്ങൾക്കാകട്ടെ. ഡിജിറ്റൽ മാഗസിൻെറ അണിയറ ശില്പികൾക്ക് എല്ലാവിധ ആശംസകളും നേരുന്നു.

ബി. സുരേഷ്കുമാർ

ഹെഡ്മാസ്റ്റർ

# ആശംസ



ഐ. സി. റ്റി. വിഭവങ്ങൾ ഉപയോഗിക്കുന്നതിലൂടെ ക്ലാസ് മുറികൾ ഇന്ന് ഉണർവിൻെറ പാതയിലാണ്. പുസ്തകത്താളുകളിലെ പാഠഭാഗങ്ങൾ കൺമുന്നിൽ ചലിക്കുന്ന ചിത്രങ്ങളാവുമ്പോൾ വിദ്യാർത്ഥി സമൂഹം മുമ്പെങ്ങുമില്ലാത്ത ആവേശം അനുഭവിച്ചറിയുന്നു. പരിവർത്തനങ്ങൾ ഈ മേഖലയിൽ ഇനിയും ഒരുപാട് വരാനിരിക്കുന്നു. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൻ ഡിജിറ്റൽ മാഗസിൻ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും ആശംസകളും അർപ്പിക്കുന്നു.

അബ്ദുൽ ഷുക്കൂർ

SITC

# എഡിറ്റോറിയൽ

വിദ്യാഭ്യാസ മേഖല മുഴുവൻ സമൂലമായ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഇതിന് ശക്തിപകരാൻ ലിറ്റിൽ കൈറ്റ്സിൻെ വരവ് ഹേതുവായിട്ടുണ്ട്. പേരിൽ ലിറ്റിലുണ്ടെങ്കിലും ഒട്ടും ലിറ്റിലല്ല ലിറ്റിൽ കൈറ്റ്സ് എന്ന് ഇതിനകം തെളിയിച്ച കഴിഞ്ഞിരിക്കുന്നു.വിവരസാങ്കേതിക വിദ്യയുടെ അനന്ത വിഹായസ്സിലേക്ക് പറന്നുയരുന്ന ചിറകുകളുടെ പ്രതീകവുമായി വന്ന ലിറ്റിൽ കൈറ്റ്സ് അക്ഷരാർത്ഥത്തിൽ നമുക്കിന്ന് മഹത്തായ പ്രചോദനവും പ്രേരണയുമായി മാറിയിരിക്കുന്നു. ലോകം വിരൽത്തുമ്പിൽ എന്ന് നാം നിരന്തരം പറയുമ്പോൾ വിശാലമായ ആ ലോകത്ത് ഉറച്ച ചുവടുകൾ വയ്ക്കാനുള്ള അറിവും അനുഭവസമ്പത്തുമാണ് ലിറ്റിൽ കൈറ്റ്സ് നൽകുന്നത്. ഇരുതല മൂർച്ചയുള്ള ആ അറിവും അനുഭവവും എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു നമ്മുടെ വിജയം. ഒരു കാര്യം ഉറപ്പാണ്. ഇതെല്ലാം പ്രയോജനപ്പെടുത്തുന്നവർക്ക് ഭാവിയിൽ മികച്ച വിജയം വരിക്കാം. വായന മരിക്കുന്നു എന്ന് പരിതപിക്കുന്ന ഈ കാലത്ത് കുട്ടികളെ വായനയുടെയും എഴുത്തിൻെയും സുന്ദര ലോകത്തേക്ക് ആനയിക്കാൻ ഉതകുന്ന ഒരു പ്രവർത്തനമായി നമുക്ക് ലിറ്റിൽ കൈറ്റ്സിൻെ ഈ ഡിജിറ്റൽ മാഗസിനെ കാണാം. വായനയുടെ ആഹ്വാനമായി ഈ എളിയ പരിശ്രമം ഏവർക്കുമായി സമർപ്പിക്കുന്നു.

ഹിമ ഡി

ചീഫ് എഡിറ്റർ

# അമ്മ



അറിവിൻെ്റ ലോകത്തിലെ -

ക്കാദ്യമെൻ  കൈപിടിച്ചതെന്നമ്മ

അമ്മയെന്നക്ഷരമെൻ

നാവിലാദ്യം കുറിച്ചതെപ്പൊന്നമ്മ

അമ്മതൻ അമ്മിഞ്ഞപ്പാ-

ലിൻ മാധുര്യം പകർന്നതെന്നമ്മ

അമ്മതന്നെൻെ്റ അച്ഛനെ

കാട്ടിത്തന്നു വിളിച്ചതും ആ

അമ്മതന്നെന്നുടെ സർവ്വതും

മീ ലോകത്തിനന്ത്യം വരേയും

-അഞ്ജലി






- സാന്ദ്ര.

# പ്രകൃതിയുടെ പ്രതികരണമോ ?

മനുഷ്യൻ ആവശ്യങ്ങൾക്കായി പ്രകൃതിയെ ഉപയോഗിക്കുന്ന കാലമായിരുന്നു നമ്മുടേത് ഏത് അതിന്റെ ആദ്യത്തെ തിരിച്ചടിയായി ഉണ്ടായതാണ് 2004 ൽ നമുക്കുണ്ടായ സുനാമി. എന്നിട്ടും മനുഷ്യരുടെ ചൂഷണത്തിന്  ഇനിയും ഒരു മാറ്റവുമുണ്ടായില്ല.
നമുക്ക് ആശ്രയമായ പല കുളങ്ങളും തോടുകളും മറ്റും കെട്ടി അതുപോലെ പല കെട്ടിടങ്ങളും മറ്റും കെട്ടി. മരങ്ങൾ വെട്ടി അത് നമ്മുടെ ഓരോ ആവിഷ്കരണങ്ങൾക്കായി ഉപയോഗിച്ചു. മനുഷ്യരുടെ ചൂഷണങ്ങൾ സഹിക്കവയ്യാതെ ആ പ്രകൃതി നമ്മളോട് തിരിച്ചടിച്ചു.

2004 ലെ സുനാമിക്ക് ശേഷം കേരളത്തിലുണ്ടായ മറ്റൊരു ദുരന്തമാണ് 2018 ലെ പ്രളയം. കഷ്ടത അനുഭവിച്ച ആളുകളുടെ എണ്ണം വളരെ കൂടുതലാണ്. മറ്റുള്ള സേനകളെ കാട്ടിലും പ്രയത്നിച്ച മത്സ്യത്തൊഴിലാളികൾ കാരണമാണ് നമ്മളിൽ പലരും ഇന്ന് ജീവിച്ചിരിക്കുന്നത് അതുകൊണ്ടുതന്നെ ദേശീയദു രന്തമായ്   പ്റഖ്യാപിച്ചത്. അതുപോലെ ഇപ്പോഴും ഓരോ കാരണങ്ങൾ കൊണ്ട് പ്രകൃതി നമ്മോട് തിരിച്ചടിക്കുന്നു.

നമ്മുടെ പ്രകൃതിയെ ഓജസോടും തേജസ്സോടും കൂടി വാർത്തെടുക്കാൻ കഴിയും അതിനായി നാം ഒന്നായി പരിശ്രമിക്കണം. നാം ഒന്നാണ് തിരികെ നേടാം നമുക്ക് നമ്മുടെ പ്രകൃതിയെ.



**ചെറുകഥ**

# വിക്കി

നന്ദുവിന്റെ പിറന്നാളിന് അച്ഛൻ അവനൊരു പട്ടിക്കുട്ടിയെ സമ്മാനിച്ചു. വെള്ള നിറത്തിലുള്ള ശരീരം മുഴുവനും രോമം കൊണ്ട് നിറഞ്ഞു വളരെ മനോഹരമായ ഒരു പട്ടിക്കുട്ടി. ആ പട്ടിക്കുട്ടിക്ക് നന്ദു വിക്കി എന്ന് പേരിട്ടു. നന്ദുവിന് വിക്കിയെ വളരെ ഇഷ്ടമായിരുന്നു. അതുപോലെ തന്നെയാണ് വിക്കിക്കും നന്ദു വിനോട്. നന്ദുവിന്റെ കൂടെ എപ്പോഴും ഒരു നിഴലായി വിക്കി കാണും.

എന്നാൽ, വിക്കിയെ നന്ദുവിന്റെ മുത്തശ്ശനും കണ്ടുകൂടാ അതിനോട് അറപ്പാണ് മുത്തശ്ശന് വിക്കി നന്ദുവിന്റെ പിറകെ സന്തതസഹചാരിയെപോലെ നടക്കുന്നത് കണ്ടു എപ്പോഴും മുത്തശ്ശൻ വഴക്കുണ്ടാകും ആയിരുന്നു വിക്കി മുത്തശ്ശന്റെ അടുത്തുകൂടെ പോകുമ്പോൾ അസത്ത് എന്നുപറഞ്ഞുകൊണ്ട് വാക്കിംഗ് സ്റ്റിക്ക് ഉപയോഗിച്ച് അടിച്ചോടിക്കും ആയിരുന്നു. അതൊന്നും കാര്യമാക്കാതെ വിക്കി വാലാട്ടി പോകും. അവരുടെ വീട്ടിൽ മുത്തശ്ശൻ ഒഴിച്ച് നന്ദുവിന്റെ അച്ഛനും അമ്മക്കും സഹോദരങ്ങൾക്കും എല്ലാം വിക്കിയെ വളരെ ഇഷ്ടമായിരുന്നു. നന്ദുവിന് മുകളിൽ ഒരു ചേച്ചിയുണ്ട്. വിദേശത്ത് നിന്ന് പഠിക്കുകയാണ്. സമ്മർ വെക്കേഷന് ചേച്ചി വന്നിട്ട് പോയി. നന്ദുവിന്റെ കൂട്ടുകാരും വല്ലപ്പോഴും വിക്കിയെ കാണാനായി വീട്ടിൽ വരുമായിരുന്നു ശരിക്കും പറഞ്ഞാൽ ആ നാട്ടിലെ താരമായിരുന്നു വിക്കി നാട്ടിലെ എല്ലാവർക്കും വിക്കി എന്നുപറഞ്ഞാൽ കൗതുകം നിറഞ്ഞ ഒരു പട്ടിക്കുട്ടി ആയിരുന്നു.

നാളുകൾ കഴിഞ്ഞുപോയി, വിക്കിയും നന്ദുവും വളർന്നു പഴയ അഞ്ചാം ക്ലാസ് വിദ്യാർത്ഥിയായിരുന്ന നന്ദു ഇപ്പോൾ പത്താം ക്ലാസ് വിദ്യാർത്ഥിയാണ് വിക്കിയും വളർന്നു കഴുത്തിലെയും ചെവിയിലെ യും രോമങ്ങളും വളർന്നു വാൽ കമ്പിളി നൂൽ കെട്ടു പോലെ പെരുത്തു അവൻറെ ശബ്ദത്തിന് ഗാംഭീര്യം വർധിച്ചു. വിക്കി ഒരു വലിയ നായയായി തീർന്നിരിക്കുന്നു. നന്ദു എസ്എസ്എൽസി പരീക്ഷയ്ക്ക് തയ്യാറെടുക്കുകയാണ്. സദാസമയവും പഠിത്തം തന്നെയാണ്. മുറിക്കുള്ളിൽ ഒറ്റയ്ക്കിരുന്ന് പഠിക്കാനായി നന്ദിവിന്റെ മുറിയുടെ വാതിക്കൽ ആരും ശല്യം ആവാതിരിക്കാൻ വിക്കിയാണ് കാവൽ നിൽക്കുന്നത് . രണ്ടു ദിവസംകൂടി കഴിഞ്ഞാൽ നന്ദുവിന് പരീക്ഷയാണ് നന്ദുവിന്റെ എല്ലാ ട്യൂഷൻ സെൻററുകൾഇലും മറ്റുമായി വിക്കി പോകുമായിരുന്നു എന്നിട്ടും പുറത്തു കാത്തുനിൽക്കും. ഒരിക്കൽ നന്ദുവും വിക്കിയും ട്യൂഷൻ ക്ലാസ് കഴിഞ്ഞു വരുമ്പോൾ മുഖം മൂടി കൊണ്ട് മുഖം മറച്ച് നാലുപേർ

അവർക്ക്മുന്നിലേക്ക് ചാടി വീണു നന്ദുവിന്റെ കയ്യിലുള്ള ആഭരണങ്ങളും വസ്തുക്കളും പിടിച്ചെടുത്തു അവരെ എതിർത്തുനിൽക്കാൻ നന്ദുവിനെ കൊണ്ട് കഴിഞ്ഞില്ല . അതിനുശേഷം അവരെ അവിടെനിന്നു ഓടിച്ചത് വിക്കിയാണ് .അതിലൊരാളെ വിക്കി കടിക്കുകയും ചെയ്തു

അങ്ങനെ നന്ദുട്ടൻ പരീക്ഷ കഴിഞ്ഞു റിസൾട്ട് വന്നു മികച്ച ഗ്രേഡുകൾ ഓടെ നന്ദുട്ടൻ വിജയിച്ചു ആ വിജയം നന്ദുട്ടനെ കുടുംബം വളരെ നന്നായി ആഘോഷിച്ചു. വിദേശത്തായിരുന്ന നന്ദുട്ടൻ അച്ഛനും ചേച്ചിയും നാട്ടിലെത്തി .നാട്ടിന് അച്ഛൻ മടങ്ങുമ്പോൾ നന്ദുവിനെ കൂടെ കൂട്ടികൊണ്ടുപോകുമെന്ന് എന്തോ പറഞ്ഞാണ് അച്ഛൻ വന്നിരിക്കുന്നത്. നന്ദുവിന്റെ തുടർ പഠനം അവിടെ ആവാം എന്നാണ് അച്ഛൻ പറയുന്നത്. ഈ കാര്യം അറിഞ്ഞ് നന്ദുട്ടന് വളരെ വിഷമമായി . കാരണം, താനെവിടെ നിന്നു പോകുമ്പോൾ വിക്കി ഒറ്റയ്ക്ക് ആക്കണമെന്ന് ഓർത്ത്. അതിനുശേഷം നന്ദുട്ടൻ പണ്ടത്തെക്കാളും കൂടുതൽ നേരം വിക്കിയുടെകൂടെ സമയം ചെലവഴിക്കാൻ തുടങ്ങി. ആ ഓരോ നിമിഷവും നന്ദുട്ടൻ വളരെ വിലപ്പെട്ടതായിരുന്നു.

നന്ദുട്ടനും അച്ഛനും ചേച്ചിക്കുംഉള്ള ടാക്സി ബുക്ക് ചെയ്തിരുന്നു. ഇവർ മൂന്നുപേരും ഓരോ സ്ഥലത്താണ് നിൽക്കുന്നത് നന്ദുവിന്റെ അച്ചനും അവിടെ സൂപ്പർമാർക്കറ്റ് മാനേജരാണ്. ചേച്ചി അവിടെനിന്ന് എൻജിനീയറിംഗിന് പഠിക്കുന്നു. വീട്ടുമുറ്റത്ത് കാർവന്നിറങ്ങി. സാധനങ്ങൾ പാക്ക്ചെയ്തു. നന്ദുട്ടനും അച്ചനും ചേച്ചിയും കാറിലേക്ക് കയറി. അവരെ എയർപോർട്ട് വരെ കൊണ്ടാക്കാൻ ആയി അമ്മയും വിക്കിയും മറ്റു ചില ബന്ധുക്കളും കൂടെ പോയി. വിക്കിക്ക് കാര്യം മനസിലായി. തന്റെ നന്ദുവിനെ പറിച്ചെടുത്തു മറ്റെവിടേയ്ക്കോ കൊണ്ടുപോകുന്നു.
എയർപോർട്ടിലെത്തിയ നന്ദുവും വിക്കിയും കെട്ടിപ്പിടിച്ചു. നന്ദു കരഞ്ഞു. എഴുന്നേൽക്കാൻ ശ്രമിച്ച നന്ദുവിന്റെ കാലിൽ വിക്കി കയറി അമർത്തിപ്പിടിച്ചു. ഒരു കാരണവശാലും വിക്കി നന്ദുവിന്റെ കാലിൽ നിന്ന് പിടിവിട്ടില്ല അച്ഛനും അമ്മയും ഇതിലൊക്കെ ശ്രമിച്ചു വിക്കി നന്ദുവിനെ കാലിൽനിന്ന് പിടിച്ചെടുക്കാൻ. എന്നാൽ അതിന് കഴിയുന്നില്ല അവർക്കെല്ലാം മനസ്സിലായി നന്ദുവിന്റെ വിക്കിയുടെയും ആത്മബന്ധം. എന്നിട്ടും അവർ ഒരിക്കൽകൂടി പരിശ്രമിച്ചു വിക്കിയെ നന്ദുവിൽ നിന്ന് അകറ്റാൻ. അതൊന്നും അതിനാൽ കഴിയാത്തതിനാൽ അച്ഛന്റെ നന്ദുവിന്റെ വിസ ക്യാൻസൽ ആക്കി. അങ്ങനെ നന്ദുവിനെ വിദേശത്തേക്ക് കൊണ്ടുപോകാം എന്നുള്ള തീരുമാനം പിൻവലിച്ചു. അതിനുശേഷം നന്ദുട്ടനും വിക്കിയും പഴയതുപോലെ ജീവിച്ചു.



-ലക്ഷ്മി പ്രിയ

# LONGEST & SHORTEST

1) Longest word in English -

Pneumonoultramicrospicsilicovolcanokoniosis

( 45 letters )

2) Shortest words in English -

A & I



- Harshana

# കേരളം

കേരളീയമാം മലയാളി ജീവിതം

മലയാളമാം നമ്മുടെ ഭാഷ.

മലയാളനാടിൻെറ മലയാള ശീലുകൾ

പാടി നടക്കുന്ന പക്ഷികളേറേ

ഈ വഴിയിൽ പാടി പറന്നു

നീ ചൊല്ലുന്ന കേരളകേളീകൾ

പാടുന്നു തെന്നൽ

ചെറുശ്ശേരിയുടെ താരാട്ടുപ്പാട്ടിൽ

ഉറങ്ങുന്ന പൈങ്കിളി

നാടേ ... കേരളനാടേ...

പഴശ്ശിരാമൻ മഴവെറിഞ്ഞ്


തീർത്തയീ കേരളമണ്ണിൽ

വീണപ്പൂങ്കുലകൾ ആടും

വരിവരിയായ്.......


ഹരിതവർണ്ണധ്വനിയാം

മലയാളമെന്നും ഉയരട്ടേ......



- അതിരഥ്

**ചെറുകഥ - അഫ്ന**



# സത്യസന്ധനായ രാജാവ്

ഒരിക്കൽ ഒരു രാജ്യത്ത് വൃദ്ധനായ രാജാവും അദ്ദേഹത്തിന് മൂന്ന് മക്കളും ജീവിച്ചിരുന്നു. വൃദ്ധനായ രാജാവിന് 3 മക്കളായ രാജകുമാരൻ മാരിൽ ആരെ അടുത്ത രാജാവ് ആക്കണമെന്ന് സംശയമായിരുന്നു. അദ്ദേഹം ഈ കാര്യം എപ്പോഴും ആലോചിച്ച് ദുഃഖിതൻ ആകുമായിരുന്നു. പെട്ടന്ന് ഒരുദിവസം ഇവരെ പരീക്ഷണത്തിന് ഏർപ്പെടുത്താമെന്ന് തോന്നി. മൂന്നു മക്കൾക്കും അദ്ദേഹം വിത്തുകൾ നല്കി എന്നിട്ട് ഏറ്റവുമാദ്യം നല്ലവണ്ണം ചെടി വളർത്തി കൊണ്ടുവരുന്നവരെ അടുത്ത രാജാവാകും എന്ന സത്യം ചെയ്തു . മൂന്നുപേരും അവരവരുടെ വിത്തുകൾ ചട്ടിയിൽ വളർത്താൻ തുടങ്ങി.




കുറച്ചു മാസങ്ങൾക്ക് ശേഷം, രാജാവ് ആ ചെടികൾ അന്വേഷിക്കാൻ തയ്യാറായി. അപ്പോൾ തൻറെ രണ്ട് മക്കളുടെയും ചട്ടിയിൽ മനോഹരമായ പൂക്കൾ വിരിഞ്ഞു നിൽക്കുന്നത് കണ്ടു പക്ഷേ അർജ്ജുൻ എന്ന രാജകുമാരൻ ചട്ടിയിൽ ഒന്നുമേ കണ്ടില്ല. അപ്പോൾ തൻറെ അച്ഛൻ ചോദിച്ചു." അർജ്ജുൻ , നിൻറെ ചട്ടിയിൽ എന്താ ഒന്നും ഇല്ലാത്തത്"? അപ്പോൾ, അർജ്ജുൻ പറഞ്ഞു," എന്നോട് ക്ഷമിക്കണം അച്ഛാ, ഞാൻ എൻറെ പരമാവധി ഇത് വളർത്താൻ ശ്രമിച്ചതായിരുന്നു പക്ഷേ ഇതിൽ ഒന്നുംതന്നെ വളർത്താൻ പറ്റിയില്ല. " അപ്പോൾ രാജാവ് പറഞ്ഞു " അല്ല മോനേ , നീയാണ് ഈ പരീക്ഷണത്തിൽ വിജയിച്ചിരിക്കുന്നത്, കാരണം മൂന്നുപേർക്കും ഞാൻ നശിച്ച വിത്തുകൾ ആയിരുന്നു നൽകിയിരുന്നത്. നിൻറെ രണ്ട് സഹോദരങ്ങളും വേറെ നല്ല വിത്തുകൾ എടുത്താണ് വളർത്തിയത്. പക്ഷേ നീയാണ് കള്ളത്തരം കാണിക്കാതെ മത്സരിച്ചത്. അതിനാൽ നീയായിരിക്കും ഈ രാജ്യത്തിലെ അടുത്ത രാജാവ്.




വര - ആരോൺ


10.E

# IMPORTANT JUBILEES AND SPAN OF TIME

| | | |
|---|---|---|
| Iron | - | 5 |
| Tin | - | 10 |
| Crystal | - | 15 |
| China jubilee | - | 20 |
| Silver jubilee | - | 25 |
| Pearl jubilee | - | 30 |
| Coral jubilee | - | 35 |
| Ruby jubilee | - | 40 |
| Sapphire | - | 45 |
| Golden | - | 50 |
| Emerald | - | 55 |
| Diamond | - | 60,65 |
| Platinum | - | 75 |
| Centuary | - | 100 |

- Krishna





# വേട്ടക്കാരൻ

ശാന്തമായ അന്തരീക്ഷം. കിഴക്ക് ദിക്കിൽ സൂര്യൻ സിന്ദൂരം പൂശി. കിളികൾ മധുരമായി പാട്ട മൂളുന്നു. നെൽവയലുകൾ സ്വർണ്ണനിറം പൂകി. നെൽകതിരുകൾ കാറ്റിൻറെ ദിശ അനുസരിച്ച് നിർത്തം ചെയ്യുന്നു. എല്ലാവരും അവർ അവരിൽ അധിഷ്ഠിതമായ കർമ്മങ്ങൾ ചെയ്യുന്നു. എന്നാൽ എല്ലാ വീടുകളിലേക്കും ദിനചര്യ പോലെ ആയിരുന്നില്ല അവിടെ ഒരു വീട്ടിൽ ഒരു അശാന്തി തെളിയുന്ന അന്തരീക്ഷം പുതിയ താമസക്കാരാണ് വന്നിട്ട് ഏതാനും ആഴ്ചകൾ മാത്രമേ ആയിട്ടുള്ളൂ. ആ വീട്ടിൽ നിന്നും ഒരു മധ്യവയസ്കൻ ഇറങ്ങി വന്നു. അയാളുടെ മുഖം അത്ര പ്രസന്നം ആയിരുന്നില്ല. പോയ ഒരു ഗ്രാമീണൻ അയാളുടെ കുശലം തിരക്കി . അപ്പോൾ മധ്യവയസ്കൻ പറഞ്ഞു." എൻറെ പേര് രാഘവൻ, ഓഫീസറാണ്. സ്ഥലമാറ്റ കിട്ടി വന്നതാണ്. ഒപ്പം മക്കളുമുണ്ട്, പേര് അഗ്നിയ. ഇവിടെ ആദ്യം ആയതുകൊണ്ട് സ്ഥലം ഒന്നും അത്ര തിട്ടമില്ല. നിങ്ങൾക്ക് കഴിയുമെങ്കിൽ എന്നെ ഒന്ന് സഹായിക്കണം." ഗ്രാമീണൻ ഇതെല്ലാം കേട്ടതിന് ശേഷം അവനോട് ചോദിച്ചു" എന്താണ് നിങ്ങൾക്ക് വേണ്ടത്, നിങ്ങൾക്ക് സഹായമാണ് ഞാൻ ചെയ്യേണ്ടത്?" രാഘവൻ തുടർന്നു; ഇവിടെ നല്ല ആശുപത്രി വല്ലതുമുണ്ടോ? . കാരണം തിരക്കി.

രാഘവൻ പറഞ്ഞു . എൻറെ കുട്ടി അമ്മയില്ലാതെ വളർന്നവളാണ്. അവളുടെ അമ്മ, അവൾക്ക് ഒന്നര വയസ്സുള്ളപ്പോൾ ഞങ്ങളെ വിട്ടുപോയി. സുഖമാണ് നിങ്ങളെ ഞങ്ങളെ നിന്നും അകറ്റിയത്. എന്നാൽ എൻറെ മകളെ ആ കുറവ് ഇല്ലാതെയാണ് വളർത്തിയത്. അച്ഛനും, അമ്മയും അവൾക്ക് ഞാൻ തന്നെയാണ്. കൊച്ചിയിലെ തന്നെ നഗരത്തിൽ ജനിച്ച് വളർന്ന അവൾക്ക് എന്നും അവിടമാണ് അവളുടെ ലോകം. മറ്റൊന്നും അവളെ സ്വാധീനിക്കില്ല.മറ്റ ചിലതും. ഉണ്ടെന്ന് എനിക്ക് പിന്നീടാണ് മനസ്സിലായത്. അവൾ എന്താവശ്യപ്പെട്ടാലും ഞാൻ വാങ്ങി കൊടുക്കും. വരദ ആയപ്പോഴും ആ പ്രവണത മാറിയില്ല. അങ്ങനെ അവളുടെ ആഗ്രഹപ്രകാരം ഞാനവൾക്ക് മൊബൈൽഫോൺ ഫോണും കമ്പ്യൂട്ടർ അങ്ങനെ ഉള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങി കൊടുത്തു. ഞാനറിഞ്ഞില്ല ഞങ്ങളിവിടെ എത്തിക്കുമെന്ന്. എൻറെ സ്ഥലംമാറ്റം എന്നെക്കാൾ അധികം ബാധിച്ചത് അവളെയാണ്. ഈ ഗ്രാമീണ അന്തരീക്ഷം അവൾക്ക് തീരെ അനുയോജ്യമല്ല ഇവിടെ അവൾക്ക് അവളുടെ ഇഷ്ടങ്ങൾ സാധിക്കാൻ കഴിയുന്ന ഇല്ല. ഒരു ഗ്രാമം ആയതിനാൽ അവൾക്ക് മൊബൈലോ ഇലക്ട്രോണിക് ഉപകരണങ്ങളോ ഇഷ്ടപ്രകാരം പ്രവർത്തിക്കാൻ കഴിയുന്നില്ല. ആദ്യമൊക്കെ അവൾ എന്നോട് പറയുമായിരുന്നു

ഇവിടെനിന്ന് മറ്റെവിടെയെങ്കിലും മാറണമെന്ന്. എന്നാൽ എനിക്കെതിരെ നില ചിലർ മദ്യം മയക്കമരുന്ന് രാമച്ചം ലഹരി പദാർത്ഥങ്ങൾക്കും അടിമയാവുന്നത് പോലെ ഇൻറർനെറ്റ് പോലുള്ള മാധ്യമങ്ങളിൽ അടിമയായി."

രാഘവൻ ഒന്ന് നിർത്തി . എന്നിട്ട് അയാൾ തന്നെ നിസ്സഹായതയുടെയും, വിധിയുടെയും പ്രതികരണമായി കണ്ണുനീർ തുടച്ച് വിതുമ്പലോടെ അയാൾ പറഞ്ഞു." എൻറെ മകൾ ഇപ്പോൾ ഒരു മാനസിക രോഗിയെ പോലെയാണ്. ആരോടും ഒന്നും മിണ്ടുന്നില്ല അവൾ എന്നെ കൈപ്പിടിയിൽ നിന്നും അകന്നു. എനിക്ക് അവളുടെ അമ്മയെ നഷ്ടപ്പെട്ടു ഇനി അവളെയും..... നിങ്ങൾക്ക് എന്തെങ്കിലും. സൈക്യാട്രിസ്റ്റിനെ അറിയുമോ?

നഗരത്തിൽ പോകാമെന്ന് വെച്ചാൽ എനിക്ക് എന്നെ ജോലി നോക്കണ്ടേ. ഇനിയുമൊരു പരീക്ഷണത്തിന് ഞാനില്ല. എനിക്ക് രക്ഷിക്കണം. എൻറെ മകളെ ഇത്തരം സാമൂഹ്യ മാധ്യമങ്ങൾക്ക് ഇരയാക്കാൻ ഞാനിനിയും വിട്ടുകൊടുക്കില്ല. എനിക്ക് അവളെ രക്ഷിക്കണം. ഇനി ഒരു അച്ഛനും ഈ ഗതി വരരുത്. ദൈവത്തോട് പ്രാർത്ഥിക്കുകയാണ്.

അതുകൊണ്ട് രാഘവൻ പൊട്ടിക്കരഞ്ഞു. വേട്ടക്കാർ അഗ്നിയെ വേട്ടയാടിയതുപോലെ മറ്റാരെയും വേട്ടയാടാതിരിക്കാൻ നമുക്ക് പ്രാർത്ഥിക്കാം.

- ആദിത്യ എസ്

# WATER



Rain water is the purest form of water .

pH value of water is 7.

Pure water contains 89% of dissolved oxygen.

Temporary hardness of water due to bicarbonates of Calcium and Magnesium.

It is removed by boiling or adding lime.

Permanent hardness is due to Sulphates and Chlorides of Calcium and Magnesium.

It is removed by adding of washing soda or by distillation .



-sai krishna

**കവിത**



# കാത്തിരിപ്പ്

നിത്യ വസന്തത്തിൽ ലാവണ്യ പുഷ്പമേ
നിത്യവും എന്നിലായി വിരിഞ്ഞു നിൽക്കെ
നിദ്രയിലാണ്ടു ഉള്ള നിത്യ യാമങ്ങളിൽ
ലോലും നിൻ മന്ദസ്മിതം തൂകി നിൽക്കെ
കണ്ണുകളിൽ എന്നും മായാതെ വസന്തമായി
കമലദളം പോൽ പൂത്തു നിൽക്കെ
വെണ്മണി മുത്തുപോൽ ചിതറി തെറിക്കും
പുഞ്ചിരി മാത്രം എനിക്ക് നൽകു........
ആദ്യമായി എന്നിൽ വിരിഞ്ഞ പുഷ്പമേ
അനുരാഗം എന്നിൽ പൊരിഞ്ഞ വാനമേ
അകലത്തു ഒന്നു കാണാൻ കഴിഞ്ഞെങ്കിൽ
ധന്യമായി തീർന്നേനെ കാത്തിരിപ്പ്
നിമിഷങ്ങളായി ഞാനീ പടി തിണ്ണയിൽ
വർഷങ്ങളോളം കാത്തുനിൽക്കെ
വരുമെന്ന് ചൊല്ലി പിരിഞ്ഞ് നിലാവിൻറെ
കാലൊച്ച എവിടേക്കോ പോയി മാഞ്ഞു.......

-ആര്യ.എ

# PERFECT SQUARE

No perfect square ends with -2,3,7,8 .

No perfect square ends with an odd number of zeros.

The perfect square consisting of (n-1) or 'n' digits will have n/2  digits in their root.

The square of a number other than unity is either a multiple of 4 or exceeds a multiple of 4 or exceeds a multiple of 4 by 1.

-Ameen.A

# പുളിമരത്തിലെ അഹങ്കാരം



നാട്ടിൻപുറത്തുള്ള ഒരു വഴിവക്കിൽ തടിച്ചുകൊഴുത്ത ഒരു പുളിമരവും മെലിഞ്ഞുനീണ്ട മുളയും ഉണ്ടായിരുന്നു അവർ രണ്ടു പേരും സ്നേഹത്തോടെയാണ് കഴിഞ്ഞിരുന്നത്. സന്തോഷവും സങ്കടവുമെല്ലാം അവരൊരുമിച്ച് പങ്കുവെക്കുമായിരുന്നു. അങ്ങനെയിരിക്കെ കുറേ കന്നുകാലികളുമായി കുറേ ചെറുക്കന്മാർ അതുവഴി വന്നു. അവർ പാറക്കല്ലുകൾ പെറുക്കി എറിയുവാൻ തുടങ്ങി. ഏറുകൊണ്ട് മുളക്ക് വല്ലാതെ വേദനിച്ചു . ആ വേദനകൊണ്ട് വളയുകയും പുളയുകയും ഞരങ്ങുകയും കരയുകയും ചെയ്തു. എറിഞ്ഞ് എറിഞ്ഞ് കൈ കുഴഞ്ഞ് അപ്പോൾ ആ ചെറുക്കന്മാർ അവിടെനിന്ന് പോയി. അപ്പോൾ മുളയക്ക് ആശ്വാസമായി.

എന്നാൽ മുളയുടെ സങ്കടവും കരച്ചിലും കണ്ട് പുളിമരം പറഞ്ഞു . എടാ ചങ്ങാതി തന്നെ. എന്തിനു കൊള്ളാം താൻ കല്ലേറ് കൊണ്ടപ്പോൾ വളഞ്ഞ് പുളഞ്ഞ് കരഞ്ഞില്ലേ എന്നാൽ നീ എന്നെ എന്നും നോക്കു ചുഴലികാറ്റ് വന്നാൽ പോലും എനിക്കൊരു കുഴപ്പവുമില്ല. പുളിമരം ഗമയിൽ തെളിഞ്ഞുനിന്നു. പുളിമരത്തിന്റെ സംസാരവും അഹങ്കാരവും കണ്ടപ്പോൾ മുളക്ക് വല്ലാതെ സങ്കടം വന്നു. പക്ഷേ എന്ത് ചെയ്യാൻ കയ്യും. അങ്ങനെയിരിക്കുമ്പോഴാണ് കാലവർഷം വന്നെത്തിയത് ഭയങ്കരമായ കുറി കാറ്റോട്ടു കൂടിയായിരുന്നു അതിൻറെ വരവ്. ആന വീഴ്ച്ചയെ കൊടുങ്കാറ്റിൽ മുള വളഞ്ഞ വളഞ്ഞു പുളഞ്ഞു ആടിയും പാടിയും നിന്നു. എന്നാൽ കാറ്റിനോട് പൊരുതാൻ നിൽക്കാൻ പുളിമരത്തിലെകഴിഞ്ഞില്ല. തടിയൻ പുളിമരം കടപുഴകിവീണു. അതിൻറെ അഹങ്കാരം അതോടെ തീർന്നു.

ദുർബല മാരെ പരിഹസിക്കുന്നവർ പുളി മരത്തിൻറെ അനുഭവം ഓർക്കുന്നതും നല്ലതാണ്.

-അഫ്ലഹ

# എൻറെ പൂന്തോട്ടം

ഇന്ന് എൻറെ മുറ്റത്ത്

ഞാൻ ഒരു പൂന്തോട്ടം

തീർന്നല്ലോ തീർന്നല്ലോ

അതിൻറെ മനസ്സാണ്,മനസ്സാണ്, മനസ്സാണ്

പൂന്തോട്ടം നിറയെ പൂക്കൾഉണ്ടല്ലോ

തെറ്റി, മുല്ല, റോസാ നിരവധി പൂക്കൾ ഉണ്ടല്ലോ

പൂക്കൾ നിറയെ തേനുണ്ണാൻ

വണ്ടുകൾ വന്നല്ലോ പൂത്തുമ്പികൾ വന്നല്ലോ

അതുകണ്ട് എൻറെ മനം നിറഞ്ഞല്ലോ, നിറഞ്ഞല്ലോ, നിറഞ്ഞല്ലോ

ഇന്നെൻറെ മുറ്റത്ത്

ഞാനൊരു പൂന്തോട്ടം തീർന്നല്ലോ, തീർന്നല്ലോ....



- സിദ്ധാർത്ത്

5B

# കുഞ്ഞിക്കിളിയും വവ്വാലും

ഒരിടത്തൊരിടത്ത് ഒരു കുഞ്ഞി പൈങ്കിളികൾ അതിൻറെ അമ്മക്കിളിയും ഉണ്ടായിരുന്നു. ഒരുദിവസം കുഞ്ഞിക്കിളിആസ്വദിച്ച് പാട്ടുംപാടി മാനത്തിൽ അങ്ങനെ പാറി പറന്നു നടക്കുകയായിരുന്നു . അപ്പോൾ ഒരു മലവേടൻ നെറ്റ് അവൾ കുടുങ്ങി. കെണിയിൽ അവൾ കുടുങ്ങി. അയാളവളെ ഒരു കൂട്ടിലാക്കി മാർക്കറ്റിൽ കൊണ്ടുപോയി വിറ്റു. സാധനങ്ങൾ വാങ്ങാൻ പന്ന ഒരാൾ അതിനെ എൻറെ വീടിനുമുമ്പിൽ തൂക്കിയിട്ടുപാവം , എൻറെ കുഞ്ഞിനെ കാണാതെ അമ്മക്കിളി ഒരുപാട് ഒരുപാട് വിഷമിച്ചു.

എൻറെ അമ്മയെ കൂട്ടുകാരെയും വിട്ടുവന്ന കിളി കൂട്ടിൽ തന്നെ വിഷമിച്ചു ഇരുന്നു. അത് കണ്ടിട്ട് ഒരു നല്ലവനായ വവ്വാൽ അവരുടെ അടുത്ത വന്നിട്ട് ചോദിച്ചു. കൂട്ടുകാരി നീ എന്തിനാ ഇങ്ങനെ വിഷമി. കാരണം പറഞ്ഞാൽ എനിക്ക് നിന്നെ വായിക്കണമെന്നുണ്ട് അത് കേട്ടപ്പോൾ കുഞ്ഞിക്കയുടെ മനസ്സിൽ പ്രകാശത്തിൻറെ കിരണങ്ങൾ നാമ്പിട്ടു. അപ്പോൾ കുഞ്ഞിക്കിളി വേടൻ തിരിച്ചുകൊണ്ടുവന്നു കാരണങ്ങൾ അവൾ അവനോട് പറയുന്നു. അപ്പോൾ വവ്വാൽ പറഞ്ഞു വേട്ടക്കാരൻ തരുന്ന ഭക്ഷണങ്ങൾ ഒന്നും കഴിക്കരുത് അങ്ങനെ ഒരു ദിവസം വേട്ടക്കാർ വന്ന് നോക്കുമ്പോൾ നീ ചത്തത് പോലെ അഭിനയിക്കണം. അങ്ങനെ വവ്വാൽ പറഞ്ഞത് പോലെഅഭിനയിക്കും. അങ്ങനെ വീട്ടുകാർ ഭക്ഷണം കഴിക്കാതെ ചക്ക എന്ന് വിചാരിച്ച് എടുത്തുകളഞ്ഞു. കുത്ത് രക്ഷപ്പെട്ട കിളി വവ്വാലിനെ എടുത്ത് നന്ദി പറഞ്ഞു. തൻറെ അമ്മയും അടുത്തേക്ക് പോയി. തൻറെ അമ്മയും കൂട്ടുകാരെയും കണ്ട കിളി സന്തോഷത്തോടെ ജീവിച്ചു. എപ്പോഴും ഒരു കണ്ണ് പുറമേ വേണമെന്ന് ഗുണപാഠം അവൾ പഠിച്ചു.

- നാജിൽ

## An article based on the topic

### "NO TREES -NO SURVIVAL"



**Forest are important resources of the earth .Trees are very essential because of their numerous uses . Man depends upon plants for food and shelter .They regulate natural process like rainfall,weather etc.......,.Trees prevent soil- erosion . Trees give out oxygen to the air . During photosynthesis,they take in the carbon dioxide from the air and send out oxygen which is a life sustaining substance required by all living organisms .In this way the environment becomes clean and fit for survival**

**The developments following the industrial revolution have exploited the forest to a large extended . In this age of showmanship , more and more trees are cut indiscriminately . It's pity that man forgets that these resources are a product of millions of years and that unless more and more trees are planted to replace the ones used up, survival will be very difficult for the coming generations . The flood affected in Kerala , from 9th August 2018 is an example for it . About a million people were evacuated . According to the kerala Government ,one – sixth of the total population of kerala had been directly affected by the floods and related incidents .**

**The National Mission for A Green India is a proper institutional mechanism for expeditious utilization of forest land diverted for non – forest purpose . Planting trees is the main activity of this programme. That is the only way to save the environment. It is our duty to co operate with the government schemes supporting human survival.**

- Alfiya

# OFFICIAL BOOKS




| | | |
|---|---|---|
| Blue Book | : | British |
| Green Book | : | Italy & France |
| Orange Book | : | Netherlands |
| White Book | : | Germany & China |
| White Paper | : | India |
| Gray Book | : | Japan & Belgium |

- Asif

## वृद्ध आश्रम

मैं अपने मनसे कहां

मेरी प्यारी मां कितनी सुंदर

मैं अपनी मनसे कहां

मेरी प्यारी मां कितनी स्नेह मई

लेकिन आज

अकेली वृद्धाश्रम मे......

वे कैसे सकेगी

युवावस्था म

बच्चों ने उनको कहा

माता श्री, आप हमारी सौभाग्य है

अब वृद्धाश्रम म तड़पती ह्रदय से

वह अपनी बच्चों की प्रतीक्षा में है/

APARNA.10.E

# അണിയറ ശില്പികൾ


IT CLUB
S.V.P.M. HIGH SCHOOL
VADAKKUMTHALA P.O.
E-mail: 41034svpmhs@gmail.com

ഈ സംരംഭത്തിൽ സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.ലിറ്റിൽ കൈറ്റ് മാസ്റ്റർ  സൈഫുദ്ദീൻ സാറിനുംകൈറ്റ് മിസ്ട്രസ് ദിവ്യ ടീച്ചറിനും പ്രത്യേകം നന്ദി അറിയിക്കുന്നു

ചീഫ് എഡിറ്റർ